(ജി) ഇതുവരെ ഈ പദ്ധതിയിലൂടെ പുതിയതായി നട്ട തെങ്ങിൻ തൈകളുടെ വിവരം ഇപ്രകാരമാണ് :

1. തിരുവനന്തപുരം - 28208 തൈകൾ
2. കൊല്ലം - 5850 തൈകൾ
3. തൃശ്ശൂർ-

ആകെ - 34058

(എച്ച്) 1. സി.ഡി.ബി.-യിൽ നിന്ന് ലഭ്യമാക്കിയ കണക്കുകൾ പ്രകാരം ഇതുവരെ 73473 തെങ്ങുകൾ 3 ജില്ലയിലുമായി വെട്ടിമാറ്റുകയും 5.927 കോടി രൂപ സബ്സിഡിയായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

2. പുനരുദ്ധാരണത്തിനായി 1.53 കോടി രൂപയും കാർഷിക സാമഗ്രിയും വിതരണം ചെയ്തു.

കാലാവസ്ഥ വ്യതിയാനംമൂലം കാർഷിക രംഗത്തുണ്ടായിട്ടുള്ള പ്രത്യാഘാതങ്ങൾ

6 (*576) ശ്രീ. സി. കെ. പി. പത്മനാഭൻ :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാലാവസ്ഥ വ്യതിയാനംമൂലം കാർഷിക രംഗത്തുണ്ടായിട്ടുള്ള പ്രത്യാഘാതങ്ങൾ പഠിക്കുന്നതിന് നിയോഗിച്ച പ്രത്യേക സമിതിയുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ സമിതിയുടെ ശുപാർശകൾ വ്യക്തമാക്കുമോ ; കാലാവസ്ഥ വ്യതിയാനം ഏതെല്ലാം കൃഷികളെയാണ് ഗുരുതരമായി ബാധിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) കാലാവസ്ഥ വ്യതിയാനങ്ങൾ അതിജീവിക്കാൻ പര്യാപ്തമായ വിത്തിനങ്ങളുടെ ഉൽപ്പാദനത്തിന് ഗവേഷണം നടക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ):

(എ) കമ്മിറ്റിയുടെ ഇടക്കാല റിപ്പോർട്ട് സർക്കാരിന് ലഭ്യമായിട്ടുണ്ട്.

(ബി) ശുപാർശകൾ രൂപീകൃതമായിട്ടില്ല. കാലാവസ്ഥാ വ്യതിയാനം എല്ലാ വിളകളേയും ഏറ്റക്കുറച്ചിലുകളോടെ ബാധിച്ചിട്ടുണ്ട് എന്നാണ് പ്രാഥമിക നിഗമനം. വൃക്ഷ വിളകളുടേയും വാണിജ്യ വിളകളുടേയും ഉൽപ്പാദനത്തിൽ ഉണ്ടാകുന്ന വ്യതിയാനങ്ങൾ രേഖപ്പെടുത്തുന്നതിനും പഠന വിധേയമാക്കുന്നതിനും ദീർഘകാലം കൊണ്ടുമാത്രമേ സാധിക്കുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

(സി) കാലാവസ്ഥാ വ്യതിയാനത്തിന്റെ ഫലമായി അന്തരീക്ഷ താപ നിലയിലുണ്ടാകുന്ന വർദ്ധനവ്, സമുദ്രനിരപ്പ് ഉയരുന്നത് മൂലമുണ്ടാകുന്ന അധികരിച്ച ലവണാംശം, കീടരോഗ വർദ്ധനവ്, പുതിയ കീടങ്ങളുടേയും രോഗങ്ങളുടേയും ആവിർഭാവം, വെള്ളപ്പൊക്ക ഭീഷണി എന്നിവ മുന്നിൽക്കണ്ട് ഉയർന്ന താപനിലയിലും വിളവ് തരാൻ കഴിവുള്ളതും, ലവണത്തെ പ്രതിരോധിക്കാൻ കഴിവുള്ളതും, മൂപ്പുകുറഞ്ഞതും, കീടരോഗ പ്രതിരോധ ശേഷിയുള്ളതും, വെള്ളപ്പൊക്കത്തെ അതിജീവിക്കാൻ കഴിവുള്ളതുമായ നെൽവിത്തിനങ്ങൾ ഉരുത്തിരിച്ചെടുക്കുന്നതിനുള്ള ഗവേഷണങ്ങൾ 2009-10-ൽ മങ്കൊമ്പ് നെല്ല് ഗവേഷണ കേന്ദ്രത്തിൽ ആരംഭിച്ചു. വിവിധ സമ്മർദ്ദങ്ങളെ അതിജീവിക്കാൻ കഴിയുന്ന പരമ്പരാഗത ഇനങ്ങളും അത്യുൽപ്പാദനശേഷിയുള്ള ഇനങ്ങളും തമ്മിൽ സങ്കരണം നടത്തി ഉരുത്തിരിച്ചെടുത്ത നൂറോളം കൾച്ചറുകൾ പരീക്ഷണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

പ്രൊഫഷണൽ കോളേജുകളിൽ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ വായ്പ

7 (*577) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ജോർജ് മേഴ്സിയർ :
ശ്രീ. എൻ. ശക്തൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കൃഷിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പ്രൊഫഷണൽ കോളേജുകളിൽ വിവിധ കോഴ്സുകളിൽ പഠിക്കുന്ന സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ള വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ വായ്പ നൽകുന്നതിന് സഹകരണ സ്ഥാപനങ്ങൾ വഴി പ്രത്യേക സംവിധാനത്തിന് രൂപം നൽകിയിട്ടുണ്ടോ ;

(ബി) സംസ്ഥാനത്തെ വാണിജ്യ ബാങ്കുകൾ നൽകുന്ന വിദ്യാഭ്യാസ വായ്പകൾക്കുള്ളതിനേക്കാൾ എന്തൊക്കെ ലളിതമായ വ്യവസ്ഥകളാണ് ഇത്തരം വായ്പകൾക്ക് നിഷ്ക്കർഷിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്തെ ഏതൊക്കെ പ്രൊഫഷണൽ കോഴ്സുകൾക്കാണ് യാതൊരു കൊളാറ്ററൽ സെക്യൂരിറ്റിയും കൂടാതെ വിദ്യാഭ്യാസ വായ്പകൾ അനുവദിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ ;

(ഡി) കഴിഞ്ഞ അദ്ധ്യായന വർഷത്തിൽ ആകെ എത്ര രൂപയാണ് സഹകരണ സ്ഥാപനങ്ങൾ വിദ്യാഭ്യാസ വായ്പയായി അനുവദിച്ചത് ;

(ഇ) അനുവദിച്ച വായ്പകളിൽ യാതൊരു കൊളാറ്ററൽ സെക്യൂരിറ്റിയും കൂടാതെ എത്ര കോടി രൂപയുടെ എത്ര വായ്പകളാണ് അനുവദിച്ചതെന്ന് വിശദമാക്കുമോ ;

(എഫ്) നടപ്പുവർഷം ഇത്തരത്തിൽ എത്ര കോടി രൂപയുടെ വായ്പകൾ നൽകുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly